**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2843** **24-02-2026 - ൽ മറുപടിയ്ക്ക്**

**ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി. (വെന്റഡ് ക്രോസ് ബാർ) കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഡി.പി.ആർ. (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്)-ലെ അപാകത പരിഹരിച്ച് സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർദേശിച്ചതിനെ തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അപ്രകാരം സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി സമർപ്പിക്കുന്നതിന് നിർദേശിക്കുമോ; പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി. (വെന്റഡ് ക്രോസ് ബാർ കം ബ്രിഡ്ജ്) നിർമ്മാണത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി വി.സി.ബി.കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, ഡ്രോയിംഗ്, ടോപ്പോഗ്രാഫിക്ക് സർവ്വേ സ്കെച്ച്, Indent എന്നിവയുടെ അപാകതകൾ പരിഹരിച്ച് ഡിസൈൻ ഐ.ഡി.ആർ.ബി.യിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഡി.പി.ആർ. അംഗീകരിച്ച് പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബജറ്റ് പദ്ധതികൾ പോലും സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ ജലവിഭവ വകുപ്പ് കാണിക്കുന്ന ഗുരുതരമായ അലംഭാവം ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | 2022- 23 ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്കു കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബികംബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനായി 300.00 ലക്ഷം രൂപ തുക വരുന്ന ഡി.പി.ആർ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നെങ്കിലും 03/08/2022 ൽ കൂടിയ AS Committee യിൽ വി.സി.ബി നിർമ്മാണം മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുനർസമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ സ്ഥലം എം.എൽ.എയുടെയും ഗ്രാമപഞ്ചായത്ത് അധികൃതരുടെയും ആവശ്യം കണക്കിലെടുത്ത് പാലം പ്രവൃത്തി കൂടി ഉൾപ്പെടുത്തി പുതുക്കിയ ഡി. പി. ആർ. സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത പാലത്തിലൂടെ വലിയ വാഹനങ്ങൾ കയറുവാൻ സാധ്യതയുള്ളതിനാൽ DPR തയ്യാറാക്കുന്നതിനായി പാലത്തിന്റെ ഡിസൈൻ തയ്യാറാക്കേണ്ടതുണ്ട്. ആയതിലേക്കായി മണ്ണ്പര്യവേഷണ പ്രവൃത്തി പൂർത്തിയാക്കി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, ഡ്രോയിംഗ്, ടോപ്പോഗ്രാഫിക്ക് സർവ്വേ സ്കെച്ച്, Indent എന്നിവ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് ഡിസൈൻ ഐ.ഡി.ആർ.ബി.യിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചു വരുന്നു. ഐ. ഡി. ആർ. ബി. യിൽ നിന്നും ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തിയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് (ഡി. പി. ആർ) തയ്യാറാക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് കർശന നിർദേശം നൽകുമോ? | (സി) | മറുപടി (ബി) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ